**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 817** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരെ ജീവനക്കാരായി പരിഗണിച്ച് കമ്മീഷന് പുറമെ മാസം 2500 രൂപ വീതം നൽകണമെന്ന 05.07.2015-ലെ ഉത്തരവ് പല സഹകരണ ബാങ്കുകളും പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇത് സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 05/07/2015 ലെ ഉത്തരവ് കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം കളക്ഷൻ ഏജന്റുമാർക്ക് ലഭിക്കേണ്ട ആനുകൂല്യം നൽകാത്ത സഹകരണ ബാങ്കുകളോട് മുൻകാല പ്രാബല്യത്തോടെ പ്രസ്തുത ആനുകൂല്യം നൽകുന്നതിന് നിർദ്ദേശം നൽകുമോ? | (ബി) | നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ